# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5253 27.06.2019-ൽ മറുപടിക്ക്

## മ്യൂസിയങ്ങളുടെ ആധുനിക രീതിയിലുള്ള പുന:സംവിധാനം

**ചോദ്യം**

ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ജി.എസ്.ജയലാൽ
ശ്രീ.വി.ആർ. സുനിൽ കുമാർ
ശ്രീ.കെ.രാജൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംരക്ഷിത സ്മാരകങ്ങളായ മ്യൂസിയങ്ങളെ ആധുനിക രീതിയിൽ പുന:സംവിധാനം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംരക്ഷിത സ്മാരകങ്ങളെ തനതായരീതിയിൽ പരിരക്ഷിച്ച് നിർത്തി, അതിന്റെ തനിമയ്ക്ക് കോട്ടം തട്ടാത്ത രീതിയിലുള്ള മ്യൂസിയം സജ്ജീകരണ പ്രവർത്തനമാണ് പുരാവസ്തുവകുപ്പ് വകുപ്പ് നടപ്പിലാക്കുന്നത്. അതിനാൽ നൂറു ശതമാനം ആധുനികത എന്നത് പുരാവസ്തു മ്യൂസിയങ്ങളിൽ പ്രായോഗികമല്ല. എന്നിരുന്നാലും നവീന സാങ്കേതിക വിദ്യകളും, സന്ദർശക സൗഹൃദ രീതികളും പുരാവസ്തു വകുപ്പ് അവലംബിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി മ്യൂസിയങ്ങൾ പലതും ഭിന്നശേഷി സൗഹൃദങ്ങളായി കഴിഞ്ഞു. സുരക്ഷയ്ക്കായി CCTV സംവിധാനങ്ങൾ, സന്ദർശകർക്കായി പുൽത്തകിടികൾ, ഇരിപ്പിട സൗകര്യങ്ങൾ, രാത്രികാലങ്ങളിലേയ്ക്ക് വെളിച്ചവിതാന സൗകര്യങ്ങൾ എന്നിവ ഒരുക്കി വരുന്നു. മ്യൂസിയങ്ങളിലെ പ്രധാന ഭാഗമായ ഗ്യാലറികളും മറ്റും നവീന രീതിയിൽ സജ്ജീകരിക്കാനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | തിരുവനന്തപുരം മ്യൂസിയത്തിന്റെ നവീകരണത്തിന് സ്വീകരിക്കുന്ന നടപടികളും മ്യൂസിയം വളപ്പിൽ നടക്കുന്ന മറ്റ് പ്രധാന പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | മ്യൂസിയം വകുപ്പിന്റെ ആസ്ഥാനമായ തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന താഴെപ്പറയുന്ന മൂന്ന് പ്രധാനപ്പെട്ട മ്യൂസിയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>**നേപ്പിയർ മ്യൂസിയം - നവീകരണം**<br>മ്യൂസിയം വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന നേപ്പിയർ മ്യൂസിയം 1880-ൽ സ്ഥാപിതമായതാണ്. ടി മ്യൂസിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണവും, കലാവസ്തുക്കളുടെ ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനം അന്തർദേശീയ നിലവാരത്തിൽ സജ്ജമാക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. |

**നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം നവീകരണം**

മ്യൂസിയം മൃഗശാലാവകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ സ്ഥിതിചെയ്യുന്ന നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം 1964-ൽ ആണ് സ്ഥാപിതമായത്.

ജൈവഭൂമി ശാസ്ത്രപരമായി വേർതിരിച്ചിട്ടുള്ള ഡയറോമകൾ, ചരിത്രാതീതകാലം മുതൽ സമീപകാല യളവുവരെ ഭൂമിയിൽ ജീവിച്ചിരുന്നതും , മനുഷ്യന്റെ ഇടപെടലുകൾ കാരണം പൂർണ്ണമായും വംശനാശം സംഭവിച്ചതുമായ നിരവധി ജീവികളുടെ ത്രിമാന രൂപങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള ഇടം എന്നിവയുടെ നിർമ്മാണം വംശനാശം നേരിട്ടതും, അല്ലാത്തതുമായ അപൂർവ്വ ഇനം പക്ഷികളുടെ സ്പെസിമനുകൾ സൂക്ഷിച്ചിട്ടുള്ള ഗ്യാലറിക്ക് പുതുജീവൻ നൽകികൊണ്ടുള്ള അന്തർദേശീയ നിലവാരത്തിലുള്ള അത്യാധുനിക രീതിയിൽ സ്പെസിമെൻ ബേർഡഡ് ഗ്യാലറി നിർമ്മാണം എന്നിവയും പുതിയ ഫ്ലോറിംഗ്, ഫാൾസ് സീലിംഗ്, ഇലക്ട്രിക്കൽ വർക്കുകൾ തുടങ്ങിയ ഇൻഫ്രാ സ്ട്രക്ച്ചർ മോഡിഫിക്കേഷൻസ് ഇന്ററാക്ടീവ് മ്യൂസിയം പോളിസിയുടെ ഭാഗമായുള്ള ടച്ച് സ്ക്രീനുകൾ, ഇൻഫർമേഷൻ പാനലുകൾ, ക്യാബിനറ്റ് സ്പെസിമനുകൾ സൂക്ഷിക്കുന്നതിനും പഠനാവശ്യത്തിനുമുള്ള ഒരു റിപ്പോസിറ്ററിയുടെ സജ്ജീകരണം എന്നിവയും മ്യൂസിയത്തിലെ ഗ്യാലറികളിൽ മ്യൂസിയത്തിനു അനുയോജ്യമായ തരത്തിൽ ശീതികരണ സംവിധാനം, മ്യൂസിയത്തിന്റെ സുരക്ഷയെ നിലനിർത്തിയുള്ള അഗ്നിസുരക്ഷാ സംവിധാനം സ്ഥാപിക്കുക - തുടങ്ങിയ പ്രവർത്തികളും നടന്നു വരുന്നു.

**ശ്രീചിത്രാ ആർട്ട് ഗ്യാലറി - നവീകരണം**

1935-ൽ സ്ഥാപിതമായ തിരുവനന്തപുരം ശ്രീ ചിത്രാ ആർട്ട് ഗ്യാലറി - വിശ്വപ്രസിദ്ധനായ ശ്രീ രാജാരവി വർമ്മ, റഷ്യൻ ചിത്രകാരൻമാരായ നിക്കോളാസ് റോറിച്ച് എന്നിവരുടേയും മറ്റ് പ്രമുഖ ചിത്രകാരൻമാരുടെ പെയിന്റിംഗുകളാൽ അലംകൃതമാണ്. പ്രസ്തുത പെയിന്റിംഗുകൾ സംരക്ഷിക്കുന്നതിനായി കേരള ചരിത്ര പൈതൃക മ്യൂസിയം ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ശ്രീചിത്രാ ആർട്ട് ഗ്യാലറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ**

മ്യൂസിയം വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ മ്യൂസിയങ്ങൾ സന്ദർശിക്കുന്ന ഭിന്നശേഷിക്കാരായ സന്ദർശകർക്ക് ഭൗതിക സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി മ്യൂസിയങ്ങളിൽ സ്പെഷ്യൽ ടോയ് ലറ്റുകൾ, റാമ്പുകൾ, വാഹന പാർക്കിംഗ് സംവിധാനം, ലിഫ്റ്റ് എന്നിവ

| | | | |
|---|---|---|---|
| | | | സജ്ജമാക്കുകയും ആയത് ഉപയോഗപ്രദമായ രീതിയിൽ സന്ദർശകർ ഉപയോഗിച്ചുവരുകയും ചെയ്യുന്നു.<br>മ്യൂസിയം വളപ്പിൽ കുട്ടികൾക്കും, വിദ്യാർത്ഥികൾക്കും, മുതിർന്നവർക്കുമായി വിവിധ സർക്കാർ / സർക്കാരിതര സംഘടനകൾ നടത്തുന്ന ചിത്ര രചനാ മൽസരങ്ങൾ, സിനിമാ - സീരിയൽ ഷൂട്ടിംഗുകൾ, മെഡിക്കൽ ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ എന്നിവയും നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്ത് ഏതൊക്കെ മ്യൂസിയങ്ങളിൽ 3 ഡി തീയേറ്റർ സംവിധാനം ഉണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | മ്യൂസിയം വകുപ്പിന് കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ മ്യൂസിയങ്ങൾക്ക് അനുബന്ധമായി 3 ഡി തീയേറ്ററുകൾ പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**